(ഡി) സെഡിമെന്റേഷൻ കൊണ്ട് കുറഞ്ഞുപോയ സംഭരണശേഷി വീണ്ടെടുക്കുന്നതിനായി സെഡിമെന്റ് നീക്കം ചെയ്യുവാനുള്ള പദ്ധതിയെപ്പറ്റി പഠനം നടത്തിവരുന്നു.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

വൈദ്യുത മേഖലയുടെ സ്വകാര്യവൽക്കരണം

14 (*494) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മേഖലയെ ഇൻഡ്യയൊട്ടുക്കും സ്വകാര്യവൽക്കരിക്കുന്നതിനായി കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വൈദ്യുത മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനെ സംബന്ധിച്ച് ഇതര സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം എന്തെന്ന് അറിവുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വൈദ്യുതമേഖലയുടെ സ്വകാര്യവൽക്കരണം സംബന്ധിച്ച് ഈയിടെ ചേർന്ന വൈദ്യുതി വകുപ്പുമന്ത്രിമാരുടെ യോഗം ചർച്ച ചെയ്തിരുന്നുവോ ;

(എഫ്) എങ്കിൽ പ്രസ്തുത ചർച്ചയിൽ സ്വകാര്യവൽക്കരണം സംബന്ധിച്ച് എന്തൊക്കെ ഘടകങ്ങളാണ് ചർച്ച ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ജി) ഊർജ്ജമേഖലയുടെ ആധുനികവൽക്കരണത്തിനായുള്ള ഊർജ്ജ വികസന ഫണ്ടിന്റെ രൂപീകരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(എച്ച്) ഊർജ്ജ വികസന ഫണ്ടിൽ നിന്നും സംസ്ഥാനങ്ങൾക്ക് സഹായം ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഊർജ്ജ വികസന ഫണ്ടിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന വൈദ്യുതി ബിൽ 2000-ന്റെ ചർച്ചാവേളയിൽ, ഈ ബില്ലിന്റെ വ്യവസ്ഥകളോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ലെന്ന വസ്തുത സംസ്ഥാന വിദ്യുച്ഛക്തി മന്ത്രി കേന്ദ്ര ഊർജ്ജ മന്ത്രി വിളിച്ചു കൂട്ടിയ സമ്മേളനത്തിൽ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡ് അൺബണ്ടിൽ ചെയ്യാതെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും ഉൽപ്പാദനരംഗത്തു മാത്രം സ്വകാര്യമേഖലയെ അനുവദിക്കുന്നതാണ് സംസ്ഥാന സർക്കാരിന്റെ നയമെന്നും പ്രസ്തുത സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി&ഡി) കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണത്തോട് യോജിപ്പില്ലെന്ന് പശ്ചിമബംഗാൾ, ത്രിപുര സർക്കാരുകളും വടക്കു-കിഴക്കൻ മേഖലാ സംസ്ഥാനങ്ങളും പ്രസ്തുത സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ മറ്റ് ഔദ്യോഗിക അറിയിപ്പുകളൊന്നും ഉണ്ടായിട്ടില്ല.

(ഇ&എഫ്) കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള "ഇലക്ട്രിസിറ്റി ബിൽ-2000" എന്ന ബില്ലിലെ വ്യവസ്ഥകളെപ്പറ്റിയാണ് ചർച്ച നടന്നത്.

(ജി) ഇത്തരമൊരു ഫണ്ടിനെപ്പറ്റി മേൽപ്പറഞ്ഞ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

(എച്ച്) മാനദണ്ഡങ്ങൾ വ്യക്തമായി നിശ്ചയിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള പുനഃസംഘടന നടത്തുന്ന വൈദ്യുതി ബോർഡുകൾക്കു മാത്രമാണ് ഈ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതെന്ന് ചർച്ചയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഐ) ഇത്തരം ധനസഹായം സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചും വൈദ്യുതി രംഗത്തെ പെർഫോമൻസ് പരിഗണിച്ചുമാണ് നൽകേണ്ടതെന്നു സംസ്ഥാന ഗവൺമെന്റ് ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജലവൈദ്യുത പദ്ധതികൾ

15 (*495) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജലവൈദ്യുതിപദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾക്ക് ഇതിനായി അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly